# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ പി.കെ.ഡി-പി9/596/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 19/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ പി.കെ.ഡി-പി9/596/23 തീയ്യതി: 19/04/2023

## പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-12-2021 മുതൽ 06-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-03-2023 | 15-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-03-2023 | 15-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. പ്രീത.യു, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശബ്ലദാസ്, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഗോകുൽ.സി.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജസീന അക്കര | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ അനിൽകുമാർ. എസ് | സെക്രട്ടറി | 01-04-2021 | 25-06-2021 |
| ശ്രീ ജയൻ വി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-06-2021 | 08-07-2021 |
| ശ്രീ ദീപു ടി.കെ | സെക്രട്ടറി | 09-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജയൻ വി.പി | അസി.സെക്രട്ടറി | 01-04-2021 | 22-07-2021 |
| ശ്രീമതി പത്മദേവി. ആർ | അസി.സെക്രട്ടറി | 23-07-2021 | 31-03-2022 |
| ശ്രീമതി വിജയലക്ഷ്മി | ഐ. സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ആതിര ആർ. കുമാർ | അസി.എൻജിനീയർ | 01-04-2021 | 24-11-2021 |
| ശ്രീമതി റെയ്ബ ഷാംലി കെ.ടി | അസി.എൻജിനീയർ | 25-11-2021 | 31-03-2022 |
| ഡോ. ശ്രീരാജ്. ആർ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. ജോഷ്ന ടി.പി.എം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 18-04-2021 |
| ഡോ.അയ്ഷ പി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 19-04-2021 | 07-05-2021 |
| ഡോ.ജോഷ്ന ടി.പി.എം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 08-05-2021 | 31-03-2022 |
| ഡോ.അബ്ദു | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. മിഥുൻ യു.സി | വെറ്ററിനറി സർജ്ജൻ | 01-04-2021 | 26-04-2021 |

| | | | |
|---|---|---|---|
| ഡോ.മേഖചന്ദ്രൻ | വെറ്ററിനറി സർജ്ജൻ | 27-04-2021 | 02-11-2021 |
| ഡോ.ധന്യ ജോസഫ് | വെറ്ററിനറി സർജ്ജൻ | 03-11-2021 | 31-03-2022 |
| ശ്രീമതി ആഷ എം.ആർ | വി.ഇ.ഒ 1 | 01-04-2021 | 30-09-2021 |
| ശ്രീ കൃഷ്ണദാസ്. പി | വി.ഇ.ഒ 1 | 01-10-2021 | 31-03-2022 |
| ശ്രീമതി വസന്തകുമാരി.കെ | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി ശാന്തി എലിസബത്ത് കുര്യൻ | കൃഷി ഓഫീസർ | 01-04-2021 | 25-10-2021 |
| ശ്രീമതി ബിനു.വി | കൃഷി ഓഫീസർ | 26-10-2021 | 31-03-2022 |
| ശ്രീ അദ്വൈത് കെ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 22-07-2021 |
| ശ്രീ അഭിജിത്ത് കെ.ദീപക്ക് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 23-07-2021 | 03-11-2021 |
| ശ്രീമതി ശാന്താമണി ഇ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 04-11-2021 | 31-03-2022 |
| ശ്രീ രാജേഷ് എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | കാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വസ്തുനികുതി പരിശോധന | 1-11 |
| 13 | വസ്തുനികുതി കുടിശ്ശിക | 1-11-1 |
| 14 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു. | 1-11-2 |
| 15 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - സംയുക്ത പരിശോധനക്കു ശേഷവും അധിക തുക അടവാക്കുന്നു | 1-12 |
| 16 | ജലജീവൻ കുടിവെള്ളപദ്ധതി - ഫണ്ട് ലഭ്യമായിട്ടും അധികൃതരിൽ നിന്നുള്ള വ്യക്തമായ ഡിമാന്റിന്റെ അഭാവത്തിൽ പദ്ധതി നടപ്പായില്ല | 1-13 |
| 17 | ആയുർവേദ ആശുപത്രിയിലെ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ് | 1-14 |
| 18 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ലക്ഷ്യമിട്ട കാലയളവിൽ നൽകാനായില്ല | 1-15 |
| 19 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-16 |
| 20 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം | 1-17 |
| 21 | തിരുവിഴാംകുന്ന് GLPS അറ്റകുറ്റപണി - എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കി ബഹുവർഷ പ്രൊജക്ടായി നിർവ്വഹിച്ചില്ല-16683/-രൂപയുടെ അധികച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | 1-18 |
| 22 | കുടിവെള്ളപദ്ധതികളുടെ നിർവ്വഹണം തുടർ മോണിട്ടറിങ്ങ് നടത്തി പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-19 |
| 23 | കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണ് | 1-20 |

| | | |
|---|---|---|
| 24 | വിവിധ പ്രോജക്കുകൾ പ്രകാരമുള്ള ഫർണീച്ചർ വാങ്ങലുകൾ- നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് | 1-21 |
| 25 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങലും ഇന്റീരിയർ പ്രവർത്തനങ്ങളും- പ്രവൃത്തി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-22 |
| 26 | പി.എം.എ.വൈ- ഗ്രാമപഞ്ചായത്ത് വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-23 |
| 27 | ലൈഫ് നിർമ്മാണ പദ്ധതി - നിർമ്മാണം പൂർത്തീകരിക്കാത്ത ഭവനങ്ങൾ | 1-24 |
| 28 | സാമൂഹ്യ സുരക്ഷാ പെൻഷൻ- അനർഹരെ യഥാസമയം ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കേണ്ടതാണ് | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | തിരുവിഴാംകുന്ന് GLPS അറ്റകുറ്റപണി - എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കി ബഹുവർഷ പ്രൊജക്റ്റായി നിർവ്വഹിച്ചില്ല- അധികച്ചെലവ് 16683/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്ത് ഭരണ സമിതിയുടെ 22-02-21 തീയതിയിലെ യോഗ തീരുമാനം നം. 1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 22300000 |
| തൻവർഷം വരവ് | 181142000 |
| ആകെ വരവ് | 203442000 |
| ചെലവ് | 194291100 |
| നീക്കിയിരിപ്പ് | 9150900 |

പഞ്ചായത്ത് ഭരണ സമിതിയുടെ 30 -03-22 തീയതിയിലെ യോഗ തീരുമാനം നം. 1/1 പ്രകാരം ബജറ്റ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രാരംഭ ബാക്കി | 29056744 |
| തൻവർഷം വരവ് | 245740546 |
| ആകെ വരവ് | 274797290 |
| ചെലവ് | 248788900 |
| നീക്കിയിരിപ്പ് | 26008390 |

ബജറ്റിൽ ₹203442000 വരവും ₹194291100 ചെലവും വകയിരുത്തിയെങ്കിലും വാർഷിക കണക്കുകൾ പ്രകാരം യഥാർത്ഥ വരവ് ₹153787583, ചെലവ് ₹104044515 ആണ്. പുതുക്കിയ ബജറ്റ് തയ്യാറാക്കുമ്പോഴും അടുത്ത വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുമ്പോഴും തൻവർഷം നാളിതുവരെയുള്ള വരവു ചെലവുകൾ പരിഗണിക്കുന്നില്ല. അതുകൊണ്ടുതന്നെ യഥാർത്ഥ വരവ് ചെലവിലും ബജറ്റിൽ വകയിരുത്തുന്ന വരവിലും ചെലവിലും വൻ അന്തരം നിലനിൽക്കുന്നു. ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് തയ്യാറാക്കുന്നതിനായി GO(Rt)No.3291/2016/LSGD/02.12.2016 പ്രകാരം സർക്കാർ അംഗീകരിച്ച മാന്വലിലെ നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 18-05-2022 | - | - |

## 1-2-1 വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ,

കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ
ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ
സി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല

2. ബാലൻസ് ഷീറ്റിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

3. MGNREGS –വാർഷിക കണക്ക് പ്രകാരമുള്ള ചെലവുകൾ MGNREGS ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം ചെലവ് 29719660/- രൂപയും, വാർഷിക കണക്ക് I&E Statement Schedule – I-6, I-14(a) എന്നിവ പ്രകാരം 25927604/- രൂപയുമാണ്.

4. ട്രേഡേഴ്സ് ലിസ്റ്റ് ഇല്ലാത്തതിനാൽ ലൈസൻസ് ഫീ, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ വരവിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

5.മറ്റ് തദ്ദേശ സ്ഥാപനങ്ങൾ/സർക്കാർ സ്ഥാപനങ്ങൾ അനുവദിച്ചിട്ടുള്ള പ്രത്യേക ഫണ്ടുകൾ ചെലവഴിക്കാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.
1.) ജില്ലാ പഞ്ചായത്തിൽ നിന്നും 2018-19 വർഷത്തിൽ (21 മാർച്ച് 2019) - വൗച്ചർ നം. 118010900125 - ശാരിരീകമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള സ്കോളർഷിപ്പ് തുകയിനത്തിൽ (Contributions For Other Specific Purposes - District Panchayat Share) ലഭിച്ച 70,000/- രൂപ തനതുഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആയത് ബന്ധപ്പെട്ട സ്ഥാപനത്തിൽ തിരിച്ചടവാക്കേണ്ടതാണ്.

2)ശുചിത്വമിഷൻ ഗ്രാന്റിനത്തിൽ Total Sanitation Campaign - ODF Share 98,373 രൂപ തനതുഫണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച തുക തിരിച്ചടക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 37994554 |
| വരവ് | 115793029 |
| ആകെ | 153787583 |
| ചെലവ് | 104044515 |
| നീക്കിയിരിപ്പ് | 49743068 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 26476357 | 26476357 | 22343319 | 4133038 |
| വികസനഫണ്ട് - എസ്.സി.പി | 0 | 6365094 | 6365094 | 5011115 | 1353979 |
| വികസനഫണ്ട് - ടി.സി.പി | 0 | 2767400 | 2767400 | 2460153 | 307247 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 13510000 | 13510000 | 13371669 | 138331 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ | 0 | 8960448 | 8960448 | 3640514 | 5319934 |

| | | | | | |
|---|---|---|---|---|---|
| റോഡ് | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക് | 0 | 8380000 | 8380000 | 1079725 | 7300275 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 10885247 | 10885247 | 1738226 | 9147021 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ്-ഗ്രാന്റ്- ബാങ്ക് | 0 | 5691244 | 5691244 | 5574032 | 117212 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഗ്രാന്റ്-ട്രഷറി | 0 | 8068569 | 8068569 | 7727353 | 341216 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 2708822 | 2341638 | 5050460 | 5049680 | 780 |
| സമ്പൂർണ്ണ ശുചിത്വം | 98373 | 0 | 98373 | 0 | 98373 |

***തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 17931 | 1814331 | 1832262 | 1831285 | 977 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 27888375 | 27888375 | 27888375 | 0 |
| ആകെ | 17931 | 29702706 | 29720637 | 29719660 | 977 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 0 | 8100000 | 8100000 | 4400649 | 3699351 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് (Performance Based Incentive) | 1723520 | 0 | 1723520 | 1556000 | 167520 |

* വികസന ഫണ്ട് (ജനറൽ) - ഇതിൽ ജി.ഒ പ്രൊജക്റ്റുകളായ (ജനറൽ) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം എന്നിവയുടെ ആകെ തുക 3996001/- രൂപ വരവ് ചെലവിൽ ഉൾപ്പെടുന്നില്ല.

**വികസന ഫണ്ട് (എസ്.സി.പി) - ഇതിൽ ജി.ഒ പ്രൊജക്റ്റായ (എസ്.സി.പി) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവിന്റെ ആകെ തുക 219999/- രൂപ വരവ് ചെലവിൽ ഉൾപ്പെടുന്നില്ല.

***MGNREGS - വാർഷിക കണക്ക് പ്രകാരമുള്ള ചെലവുകൾ MGNREGS ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം ചെലവ് 29719660/- രൂപയും, വാർഷിക കണക്ക് I&E Statement Schedule - I-6, I-14(a) എന്നിവ പ്രകാരം 25927604/- രൂപയുമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 264 | 175913311 | 209 | 90025601 | - | 55 | 79 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 79% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 51% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 3022352 | 1239166 | 41 |
| വെറ്ററിനറി സർജ്ജൻ | 12 | 11 | 10265800 | 4513890 | 44 |
| മെഡിക്കൽ ഓഫീസർ-PHC | 8 | 7 | 4521200 | 2678528 | 59 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 1300000 | 1300000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| വി.ഇ.ഒ | 21 | 20 | 75052992 | 26343907 | 35 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9 | 15464000 | 14784756 | 96 |
| സെക്രട്ടറി | 23 | 14 | 12211566 | 9559155 | 78 |
| അസി.സെക്രട്ടറി | 9 | 8 | 3237500 | 2499805 | 77 |
| അസിസ്റ്റന്റ് എഞ്ചിനി യർ | 162 | 123 | 43256901 | 23419241 | 54 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 2 | 2000000 | 884670 | 44 |
| ഹെഡ്മാസ്റ്റർ | 5 | 4 | 2575000 | 2414177 | 94 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2706000 | 88306 | 3 |
| ആകെ | 264 | 209 | 175913311 | 90025601 | 51 |

നിർവ്വഹണോദ്യോഗസ്ഥനായ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ചിട്ടുള്ള ചെലവ് 3% മാത്രമാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 17931 | 1814331 | 1832262 | 1831285 | 977 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ | 0 | 27888375 | 27888375 | 27888375 | 0 |

| | | | | | |
|---|---|---|---|---|---|
| വേതനം | | | | | |
| ആകെ | 17931 | 29702706 | 29720637 | 29719660 | 977 |

എം.എൻ.ആർ.ഇ.ജി.എസ്- വരവ്ചെലവുകൾ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരമുള്ളതാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 6782200 | 396 |
| 3 | വിധവാ പെൻഷൻ | 29898000 | 1887 |
| 4 | വാർദ്ധക്യകാല പെൻഷൻ | 41504800 | 2661 |
| 5 | വികലാംഗ പെൻഷൻ | 8162800 | 533 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1563900 | 103 |

## 1-8 കാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 24-02-2023 ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തി. 4941/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കാലാവധി 26.10.2022 പ്രാബല്യത്തിൽ 25.10.2025 വരെ പുതുക്കി ലഭ്യമായിട്ടുണ്ട്. പൗരാവകാശ രേഖ 2022ൽ പുതുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. സ.ഉ(ആർ.ടി)നം. 166/17 /ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും ആയതിന്റെ പ്രവർത്തനങ്ങൾ സ്പിൽ ഓവറായി നടപ്പാക്കിവരുന്നു.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. തൻവർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രൊജക്ടുകളുടെ ഭാഗമായുള്ള ഫർണീച്ചർ വാങ്ങലുകളിൽ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല എന്ന് കണ്ടെത്തി. ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കാതെ ആർട്കോ, സിഡ്കോ മുതലായ ഏജൻസികളിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

5.08.2009 മുതൽ 18.08.09 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2004-05 മുതൽ 2008-09വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് 25.09.2009ന് ലഭ്യമായിട്ടുണ്ട്. 31.03.2012 ന് അവസാനിച്ച വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ (തൊഴിലുറപ്പ് പദ്ധതി) ഖണ്ഡികകൾ 3.1.10.3, 3.1.6.1, 3.1.7.1, 3.1.7.2 എന്നിവ പ്രകാരമുള്ള പരാമർശങ്ങൾ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്.

18- 10-22തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ ജൂലൈ/22, ആഗസ്റ്റ്/22 എന്നീ മാസങ്ങൾ വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

1-11 വസ്തുനികുതി പരിശോധന

വസ്തുനികുതി പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-11-1 വസ്തുനികുതി കുടിശ്ശിക

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 2013 ൽ ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പഴയ നികുതിദായകർക്ക് 1-4-2013 മുതൽക്കാണ് പുതുക്കിയ നിരക്ക് ബാധകമാക്കിയത്. ചട്ടങ്ങൾ പ്രകാരം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതത് സ്ഥാപനങ്ങൾ നിശ്ചയിച്ച് പഞ്ചായത്ത് തീരുമാനം എടുത്ത് സഞ്ചയയിൽ ചേർക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കെട്ടിടങ്ങളുടെ നികുതി തെറ്റായി നിർണ്ണയിക്കുന്നതിനിടയാക്കുന്നതാണ്.

2021-22 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 22,49,035/- രൂപ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ഇനം | തൻവർഷ കുടിശ്ശിക | മുൻവർഷങ്ങളിലെ കുടിശ്ശിക | ആകെ |
|---|---|---|---|
| ഗാർഹികം | 6,91,292 | 5,23,063 | 12,14,355 |
| ഗാർഹികേതരം | 4,57,474 | 5,77,206 | 10,34,680 |
| ആകെ | 11,48,766 | 11,00,269 | 22,49,035 |

കുടിശ്ശിക തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11-2 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു.

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് 30 രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 50 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടത്തിനെ 100 ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടമുണ്ടാവുന്നു.

1.

| | |
|---|---|
| കെട്ടിട നം. | 2/715 |

| | |
|---|---|
| വിസ്തീർണ്ണം | 195.9 ച. മീ |
| നിലവിലെ നികുതി നിർണ്ണയം | 195.9*30 = 5877<br>വർദ്ധനവ് –<br>വഴിസൗകര്യം - 20%<br>ഇളവ്- മേൽക്കൂര - 10%<br>വസ്തുനികുതി - 6465<br>ലൈബ്രറി സെസ്സ് - 324<br>ആകെ – 6789 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 195.9*50 = 9795<br>വർദ്ധനവ് –<br>വഴിസൗകര്യം - 20%<br>ഇളവ്- മേൽക്കൂര - 10%<br>വസ്തുനികുതി - 10775<br>ലൈബ്രറി സെസ്സ് - 539<br>ആകെ – 11314 |
| വ്യത്യാസം | 11314 – 6789 = 4525 രൂപ |

2.

| | |
|---|---|
| കെട്ടിട നം. | 4/1012 |
| വിസ്തീർണ്ണം | 149.47 ച. മീ |
| നിലവിലെ നികുതി നിർണ്ണയം | 149.47*30 = 4484<br>വർദ്ധനവ് –<br>വഴിസൗകര്യം - 20%<br>ഇളവ്- മേഖല - 10%<br>വസ്തുനികുതി - 4933<br>ലൈബ്രറി സെസ്സ് - 247<br>ആകെ – 5180 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 149.47*50 = 7474<br>വർദ്ധനവ് –<br>വഴിസൗകര്യം - 20%<br>ഇളവ് - മേഖല - 10%<br>വസ്തുനികുതി - 8221<br>ലൈബ്രറി സെസ്സ് - 411<br>ആകെ - 8632 |
| വ്യത്യാസം | 8632 – 5180 = 3452 രൂപ |

3.

| | |
|---|---|
| കെട്ടിട നം. | 6/782 |
| വിസ്തീർണ്ണം | 130.46ച. മീ |
| നിലവിലെ നികുതി നിർണ്ണയം | 130.46*30 = 3914<br>ഇളവ് - മേഖല – 10%<br>വസ്തുനികുതി - 3523<br>ലൈബ്രറി സെസ്സ് - 177<br>ആകെ – 3700 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 130.46*50 = 6523<br>ഇളവ് - മേഖല – 10%<br>വസ്തുനികുതി - 5871<br>ലൈബ്രറി സെസ്സ് - 294<br>ആകെ - 6165 |
| വ്യത്യാസം | 6165 – 3700 = 2465 രൂപ |

4.

| | |
|---|---|
| കെട്ടിട നം. | 8/848 |
| വിസ്തീർണ്ണം | 196.59 ച. മീ |
| നിലവിലെ നികുതി നിർണ്ണയം | 196.59*30 = 5898<br>വർദ്ധനവ് - വഴിസൗകര്യം - 20%<br>ഇളവ്- മേൽക്കൂര – 10%<br>ഇളവ് - മേഖല – 10%<br>വസ്തുനികുതി - 5898<br>ലൈബ്രറി സെസ്സ് - 295<br>ആകെ – 6193 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 196.59*50 = 9830<br>വർദ്ധനവ് - വഴിസൗകര്യം - 20%<br>ഇളവ്- മേൽക്കൂര – 10%<br>ഇളവ് - മേഖല – 10%<br>വസ്തുനികുതി - 9830<br>ലൈബ്രറി സെസ്സ് - 492<br>ആകെ – 10322 |

| | |
|---|---|
| വ്യത്യാസം | 10322 – 6193 = 4129 രൂപ |

യഥാർത്ഥ വസ്തുനികുതി ഈടാക്കി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - സംയുക്ത പരിശോധനക്ക ശേഷവും അധിക തുക അടവാക്കുന്നു

തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, അലനെല്ലൂരുമായി 31.03.2018 നാണ് പഞ്ചായത്ത് അവസാനമായി നടത്തിയിട്ടുള്ളത്. ആയത് പ്രകാരം പഞ്ചായത്തിൽ നിലവിലുള്ള വിളക്കുകളുടെ തരം, എണ്ണം എന്നിവ താഴെ പറയും പ്രകാരമാണ്.

30W LED – 660

24W LED - 330

2x 11W CFL – 1699

2 X 36W CFL - 139

സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നം | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 141/22 | വിവിധ വാർഡുകളിൽ മിനി ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 4550000-CFC | 4550000 |
| 283/22 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 3076000 – തനത് ഫണ്ട് | 3051498 |

തെരുവ് വിളക്കുകൾ സ്ഥാപിക്കൽ (283/22) എന്ന പദ്ധതി പ്രകാരം പഞ്ചായത്ത് തീരുമാനം (6(2)/22.02.22) അനുസരിച്ച് നിലവിലുള്ള സി.എഫ്.എൽ ലാമ്പുകൾ മാറ്റി 460 എണ്ണം 30w LED, 380 എണ്ണം 45/50w LED ലൈറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. മേൽ പദ്ധതിക്കായി ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾക്ക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും (സ.ഉ (പി) നം.67/2021/ ഫിൻ തീയതി 28.04.21 ) 3.01.22 ന് താല്പര്യപത്രം ക്ഷണിച്ചതിൻ പ്രകാരം Project Management Consultancy Chargesകുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത SILK , തൃശ്ശൂർ എന്ന സർക്കാർ അംഗീകൃത ഏജൻസിയെ 21.02.22 1/1-ാം നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

മേൽ ഏജൻസിക്ക് പഞ്ചായത്തിൽ നിന്ന് 22/02/2022 ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.(A1-81/22).

SILK നടത്തിയ ബിഡ്ഡിങ്ങിൽ വർക്ക് ഓർഡർ അദ്വൈത് അസോസിയേറ്റ്സ്, കടമ്പഴിപ്പുറം എന്ന സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളത്.

മേൽ പദ്ധതി നടപ്പാക്കുന്നതിന് മുൻപ് സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വിളക്കുകളുടെ എണ്ണത്തിനനുസരിച്ച് 2021-22 സാമ്പത്തിക വർഷം പഞ്ചായത്ത് അടവാക്കിയിരുന്ന വൈദ്യുതി ചാർജ്ജ് പ്രതിമാസം 101329/-രൂപയാണ്. ആകെയുള്ള 1838 സി.എഫ്.എൽ ലൈറ്റുകളിൽ കുറഞ്ഞ വൈദ്യുതി ഉപഭോഗമുള്ള 840 എൽ.ഇ.ഡി ലൈറ്റുകൾ മാറ്റി സ്ഥാപിച്ചതിനു ശേഷവും നിലവിൽ പഞ്ചായത്ത് ഒടുക്കുന്ന വൈദ്യുതി ചാർജ്ജ് 112091/-രൂപയാണ്. (10762/-രൂപ കൂടുതൽ) . കെ.എസ്.ഇ.ബിയുടെ നിലവിലെ കണക്ക് പ്രകാരം ഡിമാന്റ് ചെയ്യുന്ന വൈദ്യുതി ചാർജ്ജ് 31.03.2018 ലെ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വിളക്കുകളുടെ എണ്ണത്തിനനുസരിച്ചാണ്. മാർച്ച്/22ന് പദ്ധതി

നടപ്പിലാക്കിയതിനു ശേഷവും കഴിഞ്ഞ ഒരു വർഷമായി 10762/-രൂപയോളം വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്ത് അധികമായി അടവാക്കിയിട്ടുണ്ട്.

എൽ.ഇ.ഡി.കൾ സ്ഥാപിച്ചതിനു ശേഷം വൈദ്യുതി ചാർജ്ജ് പുന.ക്രമീകരിക്കുവാൻ പഞ്ചായത്ത് കെ.എസ്.ഇ.ബിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. (കത്ത് നം.SC2 – 7200/22/1.04.22) ഇതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ഇതേവരെ പുന:ക്രമീകരിച്ചു നൽകിയിട്ടില്ല.

അധികം അടവാക്കിയ തുക ഉൾപ്പെടെ വൈദ്യുതി ചാർജ്ജ് അടിയന്തരമായി പുന:ക്രമീകരിച്ചു നൽകുവാൻ വീണ്ടും കെ.എസ്.ഇ.ബിയോട് ആവശ്യപ്പെടേണ്ടതാണ്. പ്രസ്തുത വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം- 6/13.03.23) വൈദ്യുതി ചാർജ്ജ് പുന:ക്രമീകരിക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ജലജീവൻ കുടിവെള്ളപദ്ധതി - ഫണ്ട് ലഭ്യമായിട്ടും അധികൃതരിൽ നിന്നുള്ള വ്യക്തമായ ഡിമാന്റിന്റെ അഭാവത്തിൽ പദ്ധതി നടപ്പായില്ല

സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെപ്പറയുന്ന സ്പിൽഓവർ പ്രൊജക്ടുകൾക്ക് തനത് ഫണ്ടിൽ നിന്ന് തുകകൾ വകയിരുത്തിയിട്ടുണ്ടെങ്കിലും അവ നിർവ്വഹിച്ചിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ട് | അടങ്കൽ |
|---|---|---|---|
| 1 | 118/22 | ജലജീവൻ കുടിവെള്ളപദ്ധതിക്ക് സ്ഥലം വാങ്ങൽ - പഞ്ചായത്ത് വിഹിതം | 500000 |
| 2 | S0226/22 | ജലനിധി രണ്ടാം ഘട്ട അറ്റകുറ്റപണി - പഞ്ചായത്ത് വിഹിതം | 122131 |

സാമ്പത്തിക വർഷം പ്രത്യേക ഉദ്ദേശ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) 7300275/-രൂപ ബാങ്കിൽ നീക്കിയിരുപ്പായി അവശേഷിക്കുന്നു. 1846746/- രൂപ ചെലവഴിക്കാതെ ലാപ്സായിട്ടുമുണ്ട്.

2021-22 വാർഷിക പദ്ധതി- കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപപദ്ധതി തയ്യാറാക്കൽ - സ.ഉ(സാധാ) നം. 591/2021/ത.സ്വ.ഭ.വ തീയതി 25.02.21- മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രത്യേക ഉദ്ദേശ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിന് വിനിയോഗിക്കാവുന്നതാണെന്നിരിക്കെ മേൽ പ്രൊജക്ടുകൾക്ക് തനത് ഫണ്ടിൽ നിന്നും തുകകൾ വകയിരുത്തിയതിനും, അവ നടപ്പാക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം- 7/13.03.23) മേൽ പദ്ധതികൾക്ക് ജലനിധി അധികൃതരിൽ നിന്ന് വ്യക്തമായ ഡിമാന്റ് ലഭിക്കാത്തതിനാലാണ് അവ നടപ്പിലാക്കാൻ കഴിയാതിരുന്നത് എന്ന് സെക്രട്ടറി മറുപടി സമർപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.2021-22 വാർഷിക പദ്ധതി- കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപപദ്ധതി തയ്യാറാക്കൽ - സ.ഉ(സാധാ) നം. 591/2021/ത.സ്വ.ഭ.വ തീയതി 25.02.21- മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രത്യേക ഉദ്ദേശ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിന് വിനിയോഗിക്കാവുന്നതാണെന്നിരിക്കെ അത്തരം പ്രൊജക്ടുകൾക്ക് തനത് ഫണ്ടിൽ നിന്നും തുകകൾ

വകയിരുത്തുന്നത് ഒഴിവാക്കേണ്ടതാണ്.

2.വലിയ തുക വകയിരുത്തി ആവിഷ്കരിക്കുന്ന ഇത്തരത്തിലുള്ള പ്രൊജക്ടുകൾക്ക് ലഭ്യമാവുന്ന പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കുവാൻ ശ്രമം ഉണ്ടാകേണ്ടതാണ്.

1-14 ആയുർവേദ ആശുപത്രിയിലെ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്

2021 - 22 വർഷത്തിൽ ആയുർവേദ ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്റ്റ് പ്രകാരം വകയിരുത്തിയ 100000/- രൂപ പിൻവലിച്ച് ഔഷധിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തുവെങ്കിലും 33413/-രൂപക്കുള്ള മരുന്നുകൾ സാമ്പത്തിക വർഷം കഴിഞ്ഞാണ് ലഭ്യമായിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രൊ.നം. 253/22- ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ

അടങ്കൽ - 100000 (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ആയുർവേദം)

താഴെപ്പറയുന്ന ഇൻവോയ്സുകൾ മുഖേന മരുന്നുകൾ മുഴുവനും ലഭ്യമായിട്ടുണ്ടെങ്കിലും 33413/-രൂപക്കുള്ള മരുന്നുകൾ സാമ്പത്തിക വർഷം കഴിഞ്ഞാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയ്സ് നം. | തീയതി | തുക |
|---|---|---|
| 90253449 | 31.03.2022 | 66,588 |
| 90258753 | 31.05.2022 | 25,738 |
| 90262841 | 30.06.2022 | 7,675 |

ആശുപത്രിയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകുന്നതിനാവശ്യമായ മരുന്നുകൾ മതിയായ അളവിൽ യഥാസമയം ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-15 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ലക്ഷ്യമിട്ട കാലയളവിൽ നൽകാനായില്ല

ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാലിന്റെ അളവനുസരിച്ച് ലിറ്ററിന് 3 രൂപ നിരക്കിൽ 2021 ഏപ്രിൽ മുതൽ 2022 മാർച്ച് മാസം വരെ പരമാവധി 40,000/- രൂപ എന്ന പരിധിക്ക് വിധേയമായി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്.
നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രോജക്ട് നം. - 35/22, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ - 500000/- (വികസന ഫണ്ട് ജനറൽ – 250000, ജില്ലാ പഞ്ചായത്ത് – 100000, ബ്ലോക്ക് പഞ്ചായത്ത് – 150000)

ചെലവ് - 500000/-

ഗ്രാമപഞ്ചായത്തിലെ കച്ചേരിപ്പറമ്പ്, ആര്യമ്പാവ്, മലേറിയം, കണ്ടമംഗലം എന്നീ ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. ക്ഷീരകർഷകർക്ക് 2021 ഏപ്രിൽ മുതൽ 2021 ഓഗസ്റ്റ് വരെ 5 മാസങ്ങളിൽ മാത്രമാണ് സബ്സിഡി നൽകാൻ കഴിഞ്ഞിട്ടുള്ളത്. പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം മുഴുവൻ മാസങ്ങളിലെയും ആനുകൂല്യം നൽകാൻ കഴിയും വിധത്തിൽ കൂടുതൽ തുക തുടർവർഷങ്ങളിൽ വകയിരുത്താവുന്നതാണ്. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുള്ള വിഹിതം യഥാസമയം ലഭ്യമാക്കി ക്ഷീരകർഷകർക്ക് ലക്ഷ്യമിട്ട കാലയളവിൽ സബ്സിഡി നൽകുന്നതിന് ഉതകുംവിധം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

1-16 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് | 67/22- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹825000 (₹412500- വികസന ഫണ്ട് ജനറൽ, ₹412500- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹ 412500 - വികസന ഫണ്ട് ജനറൽ |
| ബിൽ നം. | 17/02-03-22 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എന്ന പ്രോജക്റ്റ് പ്രകാരം 33 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി 412500 രൂപ (33x12500) Calf Feed Subsidy Programmeഅസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രോജക്റ്റ് പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.2/10-03-23) നിലവിൽ പദ്ധതി നടന്നുകൊണ്ടിരിക്കുകയാണെന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്.

പ്രോജക്റ്റ് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിക്കേണ്ട പദ്ധതികളിൽ സാമ്പത്തിക വർഷം 162 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 123 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. നടപ്പിലാക്കിയവയിൽ 32എണ്ണം സ്പിൽ ഓവർ പ്രവൃത്തികളും 91എണ്ണം പുതിയ വയുമാണ്. ₹43256901 വകയിരുത്തിയതിൽ ₹23419241 ആണ് ചെലവഴിച്ചിട്ടുള്ളത്. 54% ആണ് തൻവർഷത്തെ ആകെ ചെലവ്.

വിവിധ ഫണ്ടുകൾ തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട്- പൊതുവിഭാഗം (സാധാരണ വിഹിതം) | 0 | 0 | 0 |
| വികസന ഫണ്ട്- എസ്.സി.പി | 400000 | 90080 | 23 |
| വികസന ഫണ്ട്- ടി.എസ്.പി | 724000 | 541749 | 75 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11812291 | 2936765 | 25 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3202000 | 140000 | 4 |

| | | | |
|---|---|---|---|
| തനതു ഫണ്ട് | 6514690 | 4717445 | 72 |
| മെയ്റ്റനൻസ് ഫണ്ട്(റോഡ്) | 13510000 | 13371669 | 99 |
| മെയ്റ്റനൻസ് ഫണ്ട് (നോൺ-റോഡ്) | 6543920 | 1621533 | 25 |
| മറ്റുള്ളവ | 550000 | 0 | 0 |
| ആകെ | 43256901 | 23419241 | 54 |

തൻവർഷം വികസന ഫണ്ട്(എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയ്റ്റനൻസ് ഫണ്ട് (നോൺ-റോഡ്) എന്നിവ ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല. പദ്ധതികൾക്ക് വികസന ഫണ്ട് (ജനറൽ) തുകയൊന്നും തന്നെ വകയിരുത്തി ചെലവഴിച്ചിട്ടില്ല. തൻവർഷം വിവിധ ഫണ്ടുകൾ ലാപ്സായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

വികസന ഫണ്ട് (ജനറൽ) - 4133038

വികസന ഫണ്ട് (എസ്.സി.പി) - 1353879

തൻവർഷം തനത് ഫണ്ടിൽ നിന്ന് വകയിരുത്തിയ തുകയുടെ 75% ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രകാരം വികസന ഫണ്ടുകൾ ലാപ്സാവാതെ വിനിയോഗിച്ചിരുന്നെങ്കിൽ തനത് ഫണ്ട് ചെലവിൽ നല്ലൊരു ശതമാനം തുക കുറയ്ക്കാമായിരുന്നു. റോഡിതര മെയ്ന്റനൻസ് ഫണ്ടിനത്തിൽ 6543920രൂപ വകയിരുത്തി 13 പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 5 പ്രൊജക്ടുകൾക്കായി 1621533 രൂപ (വകയിരുത്തിയ തുകയുടെ 25%) മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് തനത് ഫണ്ടിൽ നിന്ന് 66000രൂപ വകയിരുത്തിയെങ്കിലും പദ്ധതി സ്പിൽ ഓവറായാണ് നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതിയുടെ ആദ്യ സ്റ്റേജ് പൂർത്തീകരിച്ചിട്ടുണ്ടെന്നും, ആസ്തി വിവരങ്ങൾ കാലികമാക്കി വരുന്നുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് അന്വേഷണത്തിന് (നം-7/13.03.23) മറുപടി സമർപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം ആസ്തി സംരക്ഷണ പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

2. ലഭ്യമാവുന്ന വിവിധ ഫണ്ടുകൾ ലാപ്സാവാതെ വിനിയോഗിച്ച് തനത് ഫണ്ടിൽ നിന്നുള്ള ചെലവ് ക്രമീകരിക്കേണ്ടതാണ്.

1-18 തിരുവിഴാംകുന്ന് GLPS അറ്റകുറ്റപണി - എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കി ബഹുവർഷ പ്രൊജക്ടായി നിർവ്വഹിച്ചില്ല-16683/-രൂപയുടെ അധികച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

മേൽ പദ്ധതി രണ്ട് പ്രൊജക്ടുകളായാണ് നടപ്പിലാക്കിയിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

I)പ്രൊജക്ട് നം -1 – 184/21, S0192/22- തിരുവിഴാംകുന്ന് GLPS അറ്റകുറ്റപണി

അടങ്കൽ - 400000 – മെയിന്റനൻസ് റോഡിതരം

ചെലവ് - 350155 (ബിൽ നം - 6/17.06.21)

ടെണ്ടർ നം - 143/20-21/18.05.20

ടെണ്ടർ അംഗീകരിച്ചത് - 1(1)/27.05.20

സെലക്ഷൻ നോട്ടീസ് -28.05.20

കരാറുകാരൻ - ശ്രീ വീരാൻകുട്ടി എ.കെ

കരാർ നം - 126/20-21/29.05.20 (എസ്റ്റിമേറ്റ് നിരക്ക്)

എം-ബുക്ക് - 237/19-20

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 29.06.20

II)പ്രൊജക്ട് നം -2 – 330/21, S0178/22- തിരുവിഴാംകുന്ന് GLPS അറ്റകുറ്റപണി

അടങ്കൽ - 600000 -മെയിന്റനൻസ് റോഡിതരം

ചെലവ് - 530230 (ബിൽ നം - 5/17.06.21)

ഇ-ടെണ്ടർ നം - 04/AE/KPM/19-20/22.02.20

ടെണ്ടർ അംഗീകരിച്ചത് - 1(1)/27.05.20

സെലക്ഷൻ നോട്ടീസ് -28.05.20

കരാറുകാരൻ - ശ്രീ വീരാൻകുട്ടി എ.കെ

കരാർ നം - 129/20-21/29.05.20 (എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്ക്)

PAC- 473419.86

എം-ബുക്ക് - 47/15-16

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 30.06.20

പ്രൊജക്ട് നം- 1 – നിലവിലുള്ള മൂന്ന് ക്ലാസ് മുറികൾ, കമ്പ്യൂട്ടർ ലാബ് കെട്ടിടം എന്നിവ മഴക്കാലങ്ങളിൽ ഈർപ്പം പിടിച്ചു നിൽക്കുന്നതിനാൽ കെട്ടിടം സംരക്ഷിക്കുന്നതിനായി അടിയന്തരമായി ട്രസ്സ് വർക്ക് നടത്തി 0.35mm ജി.ഐ ഷീറ്റ് ഇടുന്നതിന് വേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രൊജക്ട് - 2 പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ സ്കൂളിലെ ഓട് മേഞ്ഞ മെയിൻ ബ്ലോക്കിന്റെ പുനരുദ്ധാരണമാണ് വിഭാവനം ചെയ്തിരുന്നത്. പ്രൊജക്ട് - 2 ന് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മെയിൻ ബ്ലോക്ക് കെട്ടിടം റൂഫിംഗ് പൂർത്തീകരിക്കുന്നതിനായി പ്രൊജക്ട് നം- 1 ന്റെ എസ്റ്റിമേറ്റ് അടങ്കൽ തുകയിൽ മാറ്റം വരാതെ റിവൈസ് ചെയ്യുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം 1(19)/27.10.20 പ്രകാരം നിർവ്വഹണോദ്യോഗസ്ഥന് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി പ്രൊജക്ട് നം- 1 എസ്റ്റിമേറ്റിലെ ഇനങ്ങൾ 1,2 ഒഴിവാക്കി പ്രൊജക്ട് - 2 എസ്റ്റിമേറ്റിലെ താഴെ പറയുന്ന ഇനങ്ങൾ എക്സ്ട്രാ ഇനങ്ങളായി (ക്രമ നം.1,2) പ്രൊജക്ട് നം- 1 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. പ്രൊജക്ട് - 2 പ്രകാരം ക്വാട്ടഡ് നിരക്ക് എസ്റ്റിമേറ്റിലും കുറവായതിനാൽ പ്രസ്തുത എസ്റ്റിമേറ്റിലെ ചില ഇനങ്ങൾക്ക് പ്രൊജക്ട് നം- 1 എസ്റ്റിമേറ്റിലെ നിരക്ക് അനുവദിക്കുമ്പോൾ പ്രവൃത്തി നിർവ്വഹണത്തിൽ താഴെ പറയും പ്രകാരം അധികച്ചെലവിനിടയായിട്ടുണ്ട്. എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കി പ്രൊജക്ട് - 2 ബഹുവർഷ പ്രൊജക്ടായി നിർവ്വഹിച്ചിരുന്നവെങ്കിൽ അധികച്ചെലവിനിടയാകുമായിരുന്നില്ല.

| ക്രമ നം | പ്രൊജക്ട് നം- 1ൽ ഉൾപ്പെടുത്തിയ എക്സ്ട്രാ ഇനങ്ങൾ/ചെയ്ത | പ്രൊജക്ട് നം- 1 പ്രകാരം നൽകിയ നിരക്ക് | പ്രൊജക്ട് നം- 2 പ്രകാരം നിർവ്വഹിച്ചിരുന്നവെങ്കിൽ നൽകാവുന്ന നിരക്ക് | അധികച്ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | അളവ് | | | |
| 1 | E1- Dismantling Tiled Roofing With Battens,boarding | 58.02 X 113.04/m2 =6558 | 58.02 X 100.5/m2 = 5831 | 727 |
| 2 | 3- Steel Work In Built Up Tubular Trusses Etc Including Cutting, Hoisting | 1146.6 X 118.28/kg = 135619.85 | 1146.6 X 105/kg = 120393 | 15227 |
| 3 | E5 - Fixing On Roof Pressed Clay Tile Of 20mm Nominal Thickness | 58.02 X 113.06 = 6559.74 | 58.02 X 100.5/m2 =5831 | 729 |
| | | | ആകെ | 16683/- |

ഒരേ കാലയളവിൽ ഒരേ കരാറുകാരനുമായി എഗ്രിമെന്റിലേർപ്പെട്ട് നിർവ്വഹിച്ച മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കാമായിരുന്നു.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ (പി) 13/2012/PWD/1.02.2012 സെക്ഷൻ 1601.1.1 പ്രകാരം ഒരു പ്രവൃത്തിയ്ക്കായി പ്രിലിമിനറി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മരാമത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ വശങ്ങളും ഉൾപ്പെടുത്തിയ Preliminary Project Report, Specifications, Site Conditions, Site Plan And Layout Drawings, AE's Certificate (That The Preliminary Estimate Has Been Prepared By Me After The Inspection And Provisions Included Are Essentially Required And Adequate For The Proper Completion Of Work.), Land Availability Certificate എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ച് വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. മതിയായ സ്ഥല പരിശോധനയോ പഠനങ്ങളോ ഇല്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്യുന്നത് മൂലം എസ്റ്റിമേറ്റ് ഭേദഗതി വരുത്തുന്നതിനും പ്രവൃത്തി നീണ്ടു പോകുന്നതിനും ഇടയാക്കുന്നു. ഒരേ കാലയളവിൽ ഒരേ കരാറുകാരനുമായി എഗ്രിമെന്റിലേർപ്പെട്ട് നിർവ്വഹിച്ച മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കാതിരുന്നതുമൂലം പ്രവൃത്തി നിർവ്വഹണത്തിൽ വന്ന അധികച്ചെലവ് 16683/-രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം- 16/16.03.23) നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച വിശദീകരണം താഴെ ചേർക്കുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രവൃത്തികളടക്കം 336 പ്രവൃത്തികൾ അസി.എഞ്ചിനീയർക്ക് നിർവ്വഹണം നടത്തേണ്ടിയിരുന്നു. പ്രസ്തുത കാലയളവിൽ പഞ്ചായത്തിൽ സ്ഥിരമായി അസി.എഞ്ചിനീയർ ഇല്ലാത്തതിനാലും, പ്രവൃത്തികളുടെ ബാഹുല്യം നിമിത്തവും പ്രിലിമിനറി എസ്റ്റിമേറ്റ്, പ്രൊജക്റ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കിയതിൽ ചില പോരായ്മകൾ സംഭവിച്ചിട്ടുണ്ട്.

ഭാവിയിൽ ആസ്തി മെയ്ന്റനൻസ് പ്ലാനിലെ മുൻഗണനാടിസ്ഥാനത്തിൽ ഘടകസ്ഥാപനങ്ങളുടെ അറ്റകുറ്റപണി നടത്തുന്നതിനും, പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായി സമഗ്രമായി തയ്യാറാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-19 കുടിവെള്ളപദ്ധതികളുടെ നിർവ്വഹണം തുടർ മോണിട്ടറിങ്ങ് നടത്തി പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

സാമ്പത്തിക വർഷം നിർവ്വഹിച്ച താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചുവെങ്കിലും കെ.എസ്.ഇ.ബി യിൽ നിന്ന് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | അടങ്കൽ | ചെലവ് | എം-ബുക്ക് | കരാർ /കരാറുകാരൻ | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | 129/22-പുളിക്കലടി എസ്.ടി കോളനി കുടിവെള്ളപദ്ധതി | 300000 - TSP | 155398 | 36/21-22 | 62/23.02.22 ശ്രീ നിഷാദ്.എം | പുളിക്കലടി എസ്.ടി കോളനിയിലേക്ക് കുടിവെള്ളസൗകര്യം ഒരുക്കുന്നതിന് മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് നിലവിൽ പദ്ധതി നടപ്പാക്കിവരുന്നുണ്ട്.ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ നിലവിലുള്ള കുളത്തിൽ നിന്നും വെള്ളം പമ്പ് ചെയ്ത് പുതിയതായി നിർമ്മിക്കുന്ന ടാങ്കിലേക്ക് എത്തിക്കുകയാണ് ചെയ്യുന്നത്. കുളത്തിൽ നിന്നും പമ്പ് ചെയ്യുന്ന പൈപ്പ് ലൈൻ, ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ എന്നീ പ്രവൃത്തികളാണ് ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുള്ളത്. KSEB യിൽ നിന്ന് 3 Phase Connection Estimate ലഭ്യമായിട്ടില്ല.പമ്പ് ഹൗസിനുള്ള ഓണർഷിപ്പ് സർട്ടിഫിക്കറ്റും ലഭിക്കേണ്ടതുണ്ട് |
| 2 | So212/22-ഇരട്ടവാരി കുടിവെള്ളപദ്ധതി | 200000-TSP | 162351 | 12/21-22 | 61/23.02.22 ശ്രീ നിഷാദ്.എം | ബോർവെൽ നിർമ്മാണം, പമ്പ് ഹൗസ്, പി.വി.സി പൈപ്പുകൾ സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. KSEB യിൽ നിന്ന് 3 Phase Connection Estimate ലഭ്യമായിട്ടില്ല. |
| 3 | So205/22 പത്തുകുടി പൂഞ്ചോലകുളമ്പ് കുടിവെള്ളപദ്ധതി | 300000-CFC | 39818 171397 | 35/21-22 | 237/15.09.20 ശ്രീ നിഷാദ്.എം | ബോർവെൽ നിർമ്മാണം, പമ്പ് ഹൗസ്, പി.വി.സി പൈപ്പുകൾ സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. KSEB യിൽ നിന്ന് 3 Phase Connection Estimate |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ലഭ്യമായിട്ടില്ല. |

മേൽ പദ്ധതികൾ തുടർന്ന് മോണിട്ടർ ചെയ്ത് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പദ്ധതികളുടെ പ്രയോജനം സമയബന്ധിതമായി ലഭ്യമാകുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

1-20 കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണ്

സാമ്പത്തിക വർഷം അസി.എഞ്ചിനീയർ നിർവ്വഹണം നടത്തി പൂർത്തീകരിച്ച താഴെപ്പറയുന്ന കുടിവെള്ളപദ്ധതികൾ 13-ാം പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരം ഗുണഭോക്തൃ കമ്മറ്റികൾക്ക് രേഖാ മൂലം കൈമാറിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് അന്വേഷണം നം - 15/16.03.23)

| ക്രമ നം | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 268/22-ഭീമനാട് കുമഞ്ചീരിക്കുന്ന് | 50000-തനത് ഫണ്ട് | 50000 |
| 2 | S0207/22-പരിയാരത്ത് കോളനി | 285993-CFC | 170829 |
| 3 | S0204/22-കക്കേനി | 450000-CFC | 447854 |
| 4 | S0174/22-കോതാളംചോല എസ്.സി കോളനി | 409370-തനത് ഫണ്ട് | 309960 |

ക്രമ നമ്പർ 3,4 പ്രകാരമുള്ള പദ്ധതികൾ പൂർത്തീകരിച്ചതിനു ശേഷം നിർവ്വഹണോദ്യോഗസ്ഥനായ അസി.എഞ്ചിനീയർ അവ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനായി പഞ്ചായത്ത് സെക്രട്ടറിക്ക് 06/22, 08/22 എന്നീ മാസങ്ങളിൽ രേഖാമൂലം അറിയിപ്പ് നൽകിയത് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സമർപ്പിച്ചിട്ടുണ്ട്.

13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)72/2017 ത.സ്വ.ഭ.വ തീയതി 29.03.2017 ലെ കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് നിർദ്ദേശങ്ങളനുസരിച്ച് കുടിവെള്ള പ്രൊജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയായ പദ്ധതികളുടെ (പൊതു വിഭാഗം) തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷം മാത്രമാണ് പ്രവൃത്തിയുടെ നിർവ്വഹണം ആരംഭിക്കാവുന്നത്.

- അതാത് വർഷം പൂർത്തീകരിക്കുന്ന കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള ഫർണീച്ചർ വാങ്ങലുകൾ- നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ തൻവർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ പ്രൊജക്ടുകളുടെ ഭാഗമായുള്ള ഫർണീച്ചർ വാങ്ങലുകളിൽ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല എന്ന് കണ്ടെത്തി. ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കാതെ ആർട്കോ, സിഡ്കോ മുതലായ ഏജൻസികളിൽ

നിന്നും നേരിട്ട് വാങ്ങൽ നടത്തുകയാണ് ചെയ്തിട്ടുള്ളത്. വാങ്ങൽ നടത്തിയിട്ടുള്ള സ്പെസിഫിക്കേഷനിലുള്ള ഫർണീച്ചറുകൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് റേറ്റ് കോൺട്രാക്ട് ഉള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണ് എന്ന് ഉറപ്പുവരുത്താതെയാണ് വാങ്ങിയിട്ടുള്ളത്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രൊജക്റ്റ് - 95/22, മൃഗാശുപത്രിയിലേക്ക് ഫർണീച്ചർ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ -₹50000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ്- ₹49998

ബിൽ നം. - 04/31-12-21

മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം മൃഗാശുപത്രിയിലേക്ക് താഴെ പറയുന്ന ഫർണീച്ചറുകൾ ആർട്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ക്യാഷ് ബിൽ നം. 136/ 13-12-21 പ്രകാരം 49998 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | സ്റ്റീൽ റാക്ക് 180x90x38-20G 6 Panel | 1 |
| 2 | സ്റ്റീൽ ടേബിൾ 120x60x75cm One Draw & One Cupboard | 1 |
| 3 | സ്റ്റീൽ റാക്ക് 90x90x38-20G 3 Panel | 2 |
| 4 | സ്റ്റീൽ ക്യാബിനറ്റ് 127x76x43 Cm-20G | 2 |
| 5 | Plastic Chair With Arm-Nilkamal | 8 |

2. പ്രോജക്ട് -48/22, വയോജനങ്ങൾക്ക് കട്ടിൽ-ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ -₹957000 (വികസന ഫണ്ട് ജനറൽ)

ചെലവ്- ₹950394

ബിൽ നം. - 08/25-03-22

മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം 220 കട്ടിലുകൾ (Hardwood Cot 198x90cm, Front Leg 60cm Back Leg 50cm 8mm Plywood Top) 4320 രൂപ നിരക്കിൽ ആർട്കോ, പാലക്കാട്-ൽ നിന്നും നേരിട്ട് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ ക്യാഷ് ബിൽ നം. 503/ 23-03-22 പ്രകാരം 950394 രൂപയിൽ 16108 രൂപ ജി.എസ്.ടി ടി.ഡി.എസ് നടത്തിയതിനുശേഷം 934286 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

3. പ്രോജക്ട് - 31/22 , പട്ടികവർഗ്ഗക്കാരായ സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങി നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - ₹95000 ( വികസന ഫണ്ട് TSP)

ചെലവ് - ₹74552

ബിൽ നം. - 20/25-03-22

4. പ്രോജക്ട് - 69/22 , പട്ടികജാതിക്കാരായ സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങി നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - ₹500000 ( വികസന ഫണ്ട് SCP)

ചെലവ് - ₹497016

ബിൽ നം. - 19/25-03-22

ക്രമ നം.3,4 പ്രോജക്ടുകൾ മുഖേന സ്കൂൾ വിദ്യാർത്ഥികൾക്കായി മേശയും കസേരയും സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. 15 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും 100 പട്ടികജാതി വിദ്യാർത്ഥികൾക്കുമാണ് ഫർണീച്ചറുകൾ വാങ്ങി നൽകിയിട്ടുള്ളത്.

ടാക്സ് ഇൻവോയ്സ് നം. PKD/21-22/131 തി.22-03-22, നം. PKD/21-22/132 തി.22-03-22

Hardwood Table 90x50x75cm With 1 Drawer, 1 Writing Pad – ആകെ 115 എണ്ണം

Steel Chair – ആകെ 115എണ്ണം

മേൽ പറഞ്ഞ സ്പെസിഫിക്കേഷനിലുള്ള മേശയും കസേരയുമാണ് വിതരണം ചെയ്തിട്ടുള്ളത്.

5. പ്രൊജക്ട് - 87/22 , പട്ടികജാതിക്കാരായ വയോജനങ്ങൾക്ക് കട്ടിൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 217500 ( വികസന ഫണ്ട് SCP)

ചെലവ് - 155519

ബിൽ നം. - 14/11-03-22

പ്രൊജക്ട് പ്രകാരം 36 പേർക്ക് 4320 രൂപ നിരക്കിൽ സിഡ്കോയിൽ നിന്നും കട്ടിലുകൾ (Hardwood Cot 198x90cm, Front Leg 60cm Back Leg 50cm 8mm Plywood Top) നേരിട്ട് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ടാക്സ് ഇൻവോയ്സ് നം. PKD/21-22/100 തി.08-03-22 പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചുനൽകിയിട്ടുണ്ട്.

മേൽ പറഞ്ഞ വാങ്ങലുകളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

1) സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ പ്രൊജക്ടുകൾ പ്രകാരം വാങ്ങിയിട്ടുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് ഇല്ലെങ്കിൽ നിശ്ചിത സ്പെസിഫിക്കഷേൻ പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയിട്ടില്ല.

2) സ.ഉ (ആർ.ടി) നം.1/2021/SPD തി. 05-01-2021 പ്രകാരം ആർട്കോയിൽ നിന്നും നേരിട്ട് ഫർണീച്ചറുകൾ വാങ്ങുന്നതിനുള്ള അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിലെ ഖണ്ഡിക 4 ൽ വാങ്ങൽ നടത്തുന്ന കാലയളവിൽ സ്ഥാപനത്തിന്റെ റേറ്റ് കോൺട്രാക്ട് നിലവിലുണ്ടെന്ന് വാങ്ങൽ നടത്തുന്ന ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തണമെന്നും വാങ്ങുന്ന ഇനം ARTCO നിർമ്മിച്ചതാണെന്നുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്നും റേറ്റ് കോൺട്രാക്ട് അനുവദിച്ചിട്ടുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരം ക്വട്ടേഷൻ/ടെണ്ടർ മുഖേന വാങ്ങേണ്ടതാണെന്നും പ്രസ്തുത ടെണ്ടറിൽ ആർട്കോയ്ക്കും പങ്കെടുക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ(ആർ.ടി)നം.10/2021/SPD തി.03-03-21 പ്രകാരമുള്ള സിഡ്കോയിൽ നിന്നും നേരിട്ട് ഫർണീച്ചറുകൾ വാങ്ങുന്നതിനുള്ള അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിലെ ഖണ്ഡിക 4 ൽ വാങ്ങൽ നടത്തുന്ന കാലയളവിൽ സ്ഥാപനത്തിന്റെ റേറ്റ്

കോൺട്രാക്ട് നിലവിലുണ്ടെന്ന് വാങ്ങൽ നടത്തുന്ന ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തണമെന്നും റേറ്റ് കോൺട്രാക്ട് അനുവദിച്ചിട്ടുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരം ക്വട്ടേഷൻ/ടെണ്ടർ മുഖേന വാങ്ങേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം വാങ്ങിയിട്ടുള്ള ഫർണീച്ചറുകൾ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടവയല്ല.

3) 5 ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കൽ തുക വരുന്ന സാഹചര്യങ്ങളിൽ ഇ ടെണ്ടർ നടത്തേണ്ടതാണ്.

ഈ വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഓഡിറ്റ് അന്വേഷണങ്ങൾ നൽകിയതിന് ( നം. 3/10-03-23, 9/15-03-23, 11/15-03-23 ) അറിവില്ലായ്മ മൂലം സംഭവിച്ചതാണെന്ന് വെറ്ററിനറി സർജനും പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ടിയാണ് കട്ടിലുകൾ ആർട്കോയിൽ നിന്നും നേരിട്ട് വാങ്ങിയതെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസറും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണം നം. 11/15-03-23 ന് മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദ്ദേശം

വരും വർഷങ്ങളിൽ വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ ഉത്തരവുകളിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിനും കൂടുതൽ ലാഭവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-22 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങലും ഇന്റീരിയർ പ്രവർത്തനങ്ങളും- പ്രവൃത്തി നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്ട് - 12/22, ഉപകരണങ്ങൾ വാങ്ങലും ഇന്റീരിയർ പ്രവർത്തനങ്ങളും

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

അടങ്കൽ - ₹500000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ്- ₹497106

ബിൽ നം. - 21210352016301252007/5-03-22

കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി ആവിഷ്കരിച്ച പ്രോജക്ട് മുഖേന ഇന്റീരിയർ ഫർണിഷിംഗ് പ്രവർത്തനങ്ങളും ഫർണീച്ചറുകൾ വാങ്ങലും ആണ് നടപ്പാക്കിയിട്ടുള്ളത്. പ്രവൃത്തി സിഡ്കോ മാർക്കറ്റിംഗ് സെന്റർ, മഞ്ചേരി എന്ന സ്ഥാപനത്തെ നേരിട്ട് ഏല്പിക്കുകയാണ് ചെയ്തിട്ടുള്ളത്. സ്ഥാപനവുമായി 24-09-21ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

അലൂമിനിയം ഫാബ്രിക്കേഷൻ, ക്യാബിൻ വർക്ക്, കർട്ടൻ, പാർട്ടീഷൻ വർക്ക് മുതലായ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. കൂടാതെ Prelaminated Board Table, Prelaminated Board Almirah, Computer Chair, Waste Segregation Box എന്നിങ്ങനെയുള്ള വിവിധ ഫർണീച്ചറുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ് നം. MJRI/21-22/197 തി.21-01-22 പ്രകാരം മേൽ പ്രവൃത്തികൾക്കായി 497106 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

സ.ഉ(പി)നം.77/2019/ഫിൻ തിയതി 04-07-2019 പ്രകാരം SIDCOയ്ക്ക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത് PWD ഒഴികെയുള്ള സർക്കാർ വകുപ്പുകളുടെ പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി നടത്തുന്നതിനാണ്. പി.എം.സി ആയി അക്രഡിറ്റേഷൻ എടുക്കുന്ന ഏജൻസികൾ ക്ലയന്റ് ഡിപ്പാർട്ട്മെന്റിനെ അറിയിച്ചുകൊണ്ട് സുതാര്യമായ ബിഡിംഗിലൂടെ തെരഞ്ഞെടുക്കുന്ന കരാറുകാർ മുഖേന പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ് എന്ന് സ.ഉ(പി)നം.67/2021/ഫിൻ തിയതി.28-04-2021 ഉത്തരവിലെ ഖണ്ഡിക നം.3.1 ൽ വ്യക്തമാക്കിയിട്ടുണ്ട് . ഇത്തരം ഏജൻസികൾക്ക് പി.എം.സി/സെന്റേജ് ചാർജ് ആണ് അനുവദിക്കേണ്ടത്. മേൽ ഉത്തരവിലെ ഖണ്ഡിക 7.1 പ്രകാരം ഒരു കോടി രൂപയിൽ താഴെയുള്ള എല്ലാ പ്രവൃത്തികൾക്കും അടങ്കൽ/പ്രവൃത്തി മൂല്യത്തിന്റെ 8% പി.എം.സി ചാർജ്ജ് ആണ് അനുവദനീയമായിട്ടുള്ളത്.

ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തി നേരിട്ട് നടത്തുന്നതിന് SIDCO യ്ക്ക് അക്രഡിറ്റേഷൻ ഇല്ല. അക്രഡിറ്റേഷൻ ഇല്ലാത്ത മേഖലയിലെ പ്രവൃത്തി SIDCO യെ നേരിട്ട് ഏല്പിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/15-03-23) ഒ.പി പ്രവർത്തനങ്ങൾക്ക് തടസ്സം വരാതെ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനും ഉയർന്ന ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഫർണ്ണീച്ചർ വാങ്ങൽ കൂടി ഉൾപ്പെട്ടിട്ടുള്ളതിനാലും ആണ് അംഗീകൃത ഏജൻസി ആയ സിഡ്കോയെ ഏല്പിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ഭാവിയിൽ പ്രവൃത്തി നിർവ്വഹണം നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിക്കുമ്പോൾ അക്രഡിറ്റേഷൻ എടുത്തിട്ടുള്ള മേഖലയിലെ പ്രവൃത്തികൾ മാത്രം ഏൽപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 പി.എം.എ.വൈ- ഗ്രാമപഞ്ചായത്ത് വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

1. പ്രോജക്ട്- 85/22, പി.എം.എ.വൈ പഞ്ചായത്ത് വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - ₹700000 ( വികസന ഫണ്ട് ജനറൽ)

ചെലവ്- ₹700000

ബിൽ നം. - 21210352022201042178/01-02-22

2. പ്രോജക്ട്- 265/22, പി.എം.എ.വൈ പട്ടികജാതി പഞ്ചായത്ത് വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - ₹360000 ( വികസന ഫണ്ട് ജനറൽ)

ചെലവ്- ₹360000

ബിൽ നം. - 21210352022201042186/01-02-22

മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതമായി 700000 രൂപയും 360000 രൂപയും മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. എത്ര ഗുണഭോക്താക്കൾക്ക വേണ്ടിയാണ് തുക നൽകിയിട്ടുള്ളത് എന്നതിന്റെയും തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ എന്നതിന്റെയും വിവരം ഫയലിൽ ലഭ്യമല്ല. കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയവ പരിശോധനയ്ക്ക് ഹാജരാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/15-03-23) ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിലേക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-24 ലൈഫ് നിർമ്മാണ പദ്ധതി - നിർമ്മാണം പൂർത്തീകരിക്കാത്ത ഭവനങ്ങൾ

2021-22 സാമ്പത്തിക വർഷം ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|

| | | | |
|---|---|---|---|
| 23/22 | ലൈഫ് ഭവന പദ്ധതി- ജനറൽ | 21000000 | 4773219 |
| 28/22 | ലൈഫ് ഭവന പദ്ധതി - പട്ടികജാതി | 23200000 | 7948690 |
| 248/22 | ലൈഫ് ഭവന പദ്ധതി - പട്ടികവർഗ്ഗം | 14400000 | 2038000 |
| 213/22 | ലൈഫ് ഭവന പദ്ധതി (Spill Over) | 946752 | 428781 |
| 218/22 | ലൈഫ് ഭവന പദ്ധതി- പട്ടികജാതി (Spill Over) | 1280000 | 860000 |

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി വിവരം താഴെ ചേർക്കുന്നു.

ലൈഫ് ഫേസ് 2

ഭവന നിർമ്മാണം രണ്ടാം ഘട്ടത്തിൽ ആകെ 112 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചിട്ടുള്ളതിൽ എല്ലാവരുടെയും ഭവന നിർമ്മാണം പൂർത്തിയായി.

ഫേസ് 3 To 2

26 പേർ എഗ്രിമെന്റ് വച്ചതിൽ 21പേരുടെ ഭവന നിർമ്മാണം പൂർത്തിയായി. ബാക്കി 5 പേരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുണ്ട്.

ലൈഫ് - SC അഡീഷണൽ ലിസ്റ്റ്

35 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണം ആരംഭിക്കുകയും 20 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 15 പേരുടെ നിർമ്മാണം പൂർത്തീകരിക്കുവാനുണ്ട്.

ലൈഫ് - ST അഡീഷണൽ ലിസ്റ്റ്

24 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണം ആരംഭിക്കുകയും 23 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഒരാളുടെ ഭവന നിർമ്മാണം മാത്രമാണ് പൂർത്തീകരിക്കുവാനുള്ളത്.

രജിസ്റ്ററുകൾ പ്രകാരം 2020-21, 2021-22 വർഷങ്ങളിൽ എഗ്രിമെന്റ് വച്ച് ഭാഗികമായി തുക കൈപ്പറ്റുകയും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | എഗ്രിമെന്റ് വച്ച വർഷം |
|---|---|---|---|
| 1 | ഷീബ.കെ.പി W/o രതീഷ്, തലാപ്പിൽ വീട്,ആര്യമ്പാവ് | 340000 | 2020-21 |
| 2 | വിനീത് S/o ശ്രീദേവി,<br>പുന്നകുറിശ്ശി, പള്ളിയാലിൽ | 40000 | 2020-21 |
| 3 | ശില്പ W/o ശ്രീജിത്ത്, പരിയാരത്ത്, അരിയൂർ | 360000 | 2021-22 |
| 4 | ലീല W/o ചാമി, ചേലക്കോട്ടിൽ ഹൗസ് | 340000 | 2021-22 |
| 5 | ശാന്ത W/o ചേന്തിക്കുട്ടി, വളവൻചിറ കോളനി, കോട്ടോപ്പാടം | 360000 | 2021-22 |
| 6 | ജാനകി W/o രവി, പരിയാരത്ത്, അരിയൂർ | 280000 | 2021-22 |
| 7 | ശ്രീജ.എം W/o ശിവചന്ദ്രൻ, പരിയാരത്ത്, അരിയൂർ | 340000 | 2021-22 |
| 8 | സരിത W/o ഉണ്ണികൃഷ്ണൻ, പള്ളത്ത് | 360000 | 2021-22 |
| 9 | കമലാക്ഷി W/o അയ്യപ്പൻ, | 300000 | 2021-22 |

| | | | |
|---|---|---|---|
| | പരിയാരത്ത് വീട്, അരിയൂർ | | |
| 10 | ചന്ദ്രിക W/o രാമകൃഷ്ണൻ, കറുകമണ്ണ, കച്ചേരിപ്പറമ്പ് | 240000 | 2021-22 |
| 11 | രാജി.കെ.എം W/o ചാമി, അമ്പാഴക്കോട്, കണ്ടമംഗലം | 360000 | 2021-22 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/15-03-23) ലഭ്യമാക്കിയ മറുപടിയിൽ പട്ടികയിലെ ക്രമ നം.2- വിനീത് S/o ശ്രീദേവി എന്ന ഗുണഭോക്താവൊഴികെ മറ്റെല്ലാവരുടെയും ഭവനനിർമ്മാണം അന്തിമഘട്ടങ്ങളിലാണെന്നും ഉടൻ പൂർത്തിയാകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനീത് S/o ശ്രീദേവി, പുന്നകുറിശ്ശി, പള്ളിയാലിൽ എന്ന ഗുണഭോക്താവിന് ആദ്യ ഗഡു 40000 രൂപ നൽകിയെങ്കിലും നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലെന്നും വ്യക്തിക്ക് ഇതു സംബന്ധിച്ച് നോട്ടീസ് അയച്ചിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 സാമൂഹ്യ സുരക്ഷാ പെൻഷൻ- അനർഹരെ യഥാസമയം ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കേണ്ടതാണ്

3.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് ക്രോഡീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പെൻഷൻ വിതരണത്തിന്റെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും 2021, 2022 വർഷങ്ങളിലെ മരണ രജിസ്ട്രേഷൻ രേഖകളും ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റും പരിശോധിച്ചതിലെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

I. സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും 2021, 2022 വർഷങ്ങളിലെ ഏതാനും മരണ രജിസ്ട്രേഷനുകളും പരിശോധനയ്ക്ക് വിധേയമാക്കിയതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കണ്ടെത്തുകയും ഓഡിറ്റ് അന്വേഷണം (നം. 4/13-03-23) നല്കിയതിനെ തുടർന്ന് അനർഹമായി അനുവദിച്ച പെൻഷൻ തുക തിരികെ സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ടിലേക്ക് തിരിച്ചടച്ചതായി മറുപടി ലഭ്യമാക്കുകയും ചെയ്തു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര്, വിലാസം | പെൻഷനർ ഐ ഡി | മരണപ്പെട്ട തീയതി | അനർഹമായി അനുവദിച്ച തുക | തിരിച്ചടച്ചതിന്റെ വിശദാംശം ( UTR No.) |
|---|---|---|---|---|---|
| 1 | മുഹമ്മദ്, കുന്തിപ്പാടത്ത്, കോട്ടോപ്പാടം | 108360201010- ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 23-11-20 | 39500 രൂപ | P077230228385124 /18-03-23 |
| 2 | ആമിന, കഞ്ചിച്ചാലിൽ വീട്, മുറിയക്കണ്ണി | 108360601027- ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | 29-11-21 | 20800 രൂപ | P077230228384746 /18-03-23 |

| | | | | | |
|---|---|---|---|---|---|
| 3 | ഗോപാലൻ നായർ.കെ.കെ, കുണ്ടുകുളങ്ങര വീട്, തിരുവിഴാംകുന്ന് | 108360202074-ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 23-09-21 | 24000 രൂപ | P077230228380151 /18-03-23 |
| 4 | പാറുക്കുട്ടി അമ്മ, നമ്പ്യനായർ വീട്ടിൽ, വേങ്ങ, കോട്ടോപ്പാടം | 108360600006-ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | 09-08-2021 | 25600 രൂപ | KLGBH23073887565/14-03-23 |
| 5 | ഹംസഹാജി, കൊട്ടേക്കാടൻ വീട്, കോട്ടോപ്പാടം | 108360201601-ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11-03-21 | 33600 രൂപ | SBIN323075048782/ 16-03-23 |

നിർദ്ദേശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ പേരുടെയും വിവരം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും പെൻഷൻ ഗുണഭോക്താക്കളായിട്ടുള്ളവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരിച്ചടവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

II. ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് ഓരോ മാസവും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല

2022 ഡിസംബർ മാസത്തിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പ്രകാരം 37 പെൻഷൻ ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ തൻമാസം പെൻഷൻ കൈപ്പറ്റിയിട്ടില്ല. ഏതാനും ഗുണഭോക്താക്കളുടെ പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ മാസങ്ങളായി പെൻഷൻ തുക ഇവർക്ക് കൈമാറാൻ കഴിയാത്ത സാഹചര്യം നില നിൽക്കുന്നതായി കണ്ടെത്തി. ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്നുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ മാസങ്ങളായി ഇവർക്ക് പെൻഷൻ കൈമാറിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം അവസാനം തുക കൈമാറിയ മാസം |
|---|---|---|---|
| 1 | പാറു | 108360100749-കർഷക തൊഴിലാളി പെൻഷൻ | ജൂലൈ 2018<br>08/2018 മുതൽ 07/2019 വരെ-തുക കൈമാറാൻ സാധിച്ചിട്ടില്ല എന്നും Deceased എന്നും സ്റ്റാറ്റസ് രേഖപ്പെടുത്തിയിരിക്കുന്നു. അതിനുശേഷം നാളിതുവരെ മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ/ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന് റിമാർക്സ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| 2 | ആയിഷ | 108360100662-കർഷക | ജൂലൈ 2019<br>08/2019 മുതൽ മസ്റ്ററിംഗ് |

| | | | |
|---|---|---|---|
| | | തൊഴിലാളി പെൻഷൻ | പൂർത്തീകരിക്കുകയോ/ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 3 | മുഹമ്മദ്.സി.കെ | 108360200998-ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | നവംബർ 2022, ഡിസംബർ 2022 - വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതൽ |
| 4 | ഫ്രാൻസിസ്.ടി.ജെ | 108360202123-ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | നവംബർ 2022, ഡിസംബർ 2022 - വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതൽ |
| 5 | ആയിഷ ബീവി | 108360600590-ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | ഏപ്രിൽ 2020 05/2020 മുതൽ പുനർവിവാഹിത അല്ല സർട്ടിക്കറ്റ് സമർപ്പിച്ചിട്ടില്ല. |
| 6 | ഷൈല ജേക്കബ് | 108360600747-ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | ഏപ്രിൽ 2022 05/2022 മുതൽ മുതൽ പുനർവിവാഹിത അല്ല സർട്ടിക്കറ്റ് സമർപ്പിച്ചിട്ടില്ല |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/13-03-23 ന്റെ മറുപടിയിൽ മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടെന്നും മരണപ്പെട്ടതിന് ശേഷം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ ഇനത്തിൽ നൽകിയ അധിക തുക തിരികെ ഈടാക്കുന്നതിന് ബന്ധപ്പെട്ട ബാങ്കുകളിലേക്ക് കത്ത് നൽകിയിട്ടുണ്ട് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അൻപതിലധികം പേർ ഉണ്ടായിരുന്ന ഡിസ്ക്രിപ്പൻസി ലിസ്റ്റിൽ ഫീൽഡുതല അന്വേഷണം നടത്തി അനർഹരായവരെ കഴിഞ്ഞ 2 മാസങ്ങളിലായി ഒഴിവാക്കിയിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

നിർദ്ദേശം

ഡിസ്ക്രിപ്പൻസി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ കാരണങ്ങളാൽ പെൻഷൻ തടഞ്ഞ് വച്ചിട്ടുള്ള ഗുണഭോക്താക്കളുടെ നിജസ്ഥിതി പരിശോധിച്ച് അനർഹർ ആണെങ്കിൽ അവരെ ഡാറ്റാബേസിൽ നിന്നും യഥാസമയം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തിരുവിഴാംകുന്ന് GLPS അറ്റകുറ്റപണി - എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കി ബഹുവർഷ പ്രൊജക്ടായി നിർവ്വഹിച്ചില്ല- അധികച്ചെലവ് 16683/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

മേൽ പദ്ധതി രണ്ട് പ്രൊജക്ടുകളായാണ് നടപ്പിലാക്കിയിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

I)പ്രൊജക്ട് നം -1 – 184/21, S0192/22- തിരുവിഴാംകുന്ന് GLPS അറ്റകുറ്റപണി

അടങ്കൽ - 400000 – മെയിന്റ നൻസ് റോഡിതരം

ചെലവ് - 350155 (ബിൽ നം - 6/17.06.21)

ടെണ്ടർ നം - 143/20-21/18.05.20

ടെണ്ടർ അംഗീകരിച്ചത് - 1(1)/27.05.20

സെലക്ഷൻ നോട്ടീസ് -28.05.20

കരാറുകാരൻ - ശ്രീ വീരാൻകുട്ടി എ.കെ

കരാർ നം - 126/20-21/29.05.20 (എസ്റ്റിമേറ്റ് നിരക്ക്)

എം-ബുക്ക് - 237/19-20

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 29.06.20

II)പ്രൊജക്ട് നം -2 – 330/21, S0178/22- തിരുവിഴാംകുന്ന് GLPS അറ്റകുറ്റപണി

അടങ്കൽ - 600000 -മെയ്റ്റനൻസ് റോഡിതരം

ചെലവ് - 530230 (ബിൽ നം - 5/17.06.21)

ഇ-ടെണ്ടർ നം - 04/AE/KPM/19-20/22.02.20

ടെണ്ടർ അംഗീകരിച്ചത് - 1(1)/27.05.20

സെലക്ഷൻ നോട്ടീസ് -28.05.20

കരാറുകാരൻ - ശ്രീ വീരാൻകുട്ടി എ.കെ

കരാർ നം - 129/20-21/29.05.20 (എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്ക്)

PAC- 473419.86

എം-ബുക്ക് - 47/15-16

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 30.06.20

പ്രൊജക്ട് നം- 1 – നിലവിലുള്ള മൂന്ന് ക്ലാസ് മുറികൾ, കമ്പ്യൂട്ടർ ലാബ് കെട്ടിടം എന്നിവ മഴക്കാലങ്ങളിൽ ഈർപ്പം പിടിച്ചു നിൽക്കുന്നതിനാൽ കെട്ടിടം സംരക്ഷിക്കുന്നതിനായി അടിയന്തരമായി ട്രസ്സ് വർക്ക് നടത്തി 0.35mm ജി.ഐ ഷീറ്റ് ഇടുന്നതിന് വേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രൊജക്ട് - 2 പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ സ്കൂളിലെ ഓട് മേഞ്ഞ മെയിൻ ബ്ലോക്കിന്റെ പുനരുദ്ധാരണമാണ് വിഭാവനം ചെയ്തിരുന്നത്. പ്രൊജക്ട് - 2 ന് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മെയിൻ ബ്ലോക്ക് കെട്ടിടം റൂഫിംഗ് പൂർത്തീകരിക്കുന്നതിനായി പ്രൊജക്ട് നം- 1 ന്റെ എസ്റ്റിമേറ്റ് അടങ്കൽ തുകയിൽ മാറ്റം വരാതെ റിവൈസ് ചെയ്യുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം 1(19)/27.10.20 പ്രകാരം നിർവ്വഹണോദ്യോഗസ്ഥന് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി പ്രൊജക്ട് നം- 1 എസ്റ്റിമേറ്റിലെ ഇനങ്ങൾ 1,2 ഒഴിവാക്കി പ്രൊജക്ട് - 2 എസ്റ്റിമേറ്റിലെ താഴെ പറയുന്ന ഇനങ്ങൾ എക്സ്ട്രാ ഇനങ്ങളായി (ക്രമ നം.1,2) പ്രൊജക്ട് നം- 1 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. പ്രൊജക്ട് - 2 പ്രകാരം ക്വാട്ടഡ് നിരക്ക് എസ്റ്റിമേറ്റിലും കുറവായതിനാൽ പ്രസ്തുത എസ്റ്റിമേറ്റിലെ ചില ഇനങ്ങൾക്ക് പ്രൊജക്ട് നം- 1 എസ്റ്റിമേറ്റിലെ നിരക്ക് അനുവദിക്കുമ്പോൾ പ്രവൃത്തി നിർവ്വഹണത്തിൽ താഴെ പറയും പ്രകാരം അധികച്ചെലവിനിടയായിട്ടുണ്ട്. എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കി പ്രൊജക്ട് - 2 ബഹുവർഷ പ്രൊജക്ടായി നിർവ്വഹിച്ചിരുന്നുവെങ്കിൽ അധികച്ചെലവിനിടയാകുമായിരുന്നില്ല.

| ക്രമ നം | പ്രൊജക്ട് നം- 1ൽ ഉൾപ്പെടുത്തിയ എക്സ്ട്രാ ഇനങ്ങൾ/ചെയ്ത | പ്രൊജക്ട് നം- 1 പ്രകാരം നൽകിയ നിരക്ക് | പ്രൊജക്ട് നം- 2 പ്രകാരം നിർവ്വഹിച്ചിരുന്നുവെങ്കിൽ നൽകാവുന്ന നിരക്ക് | അധികച്ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | അളവ് | | | |
| 1 | E1- Dismantling Tiled Roofing With Battens,boarding | 58.02 X 113.04/m2 =6558 | 58.02 X 100.5/m2 = 5831 | 727 |
| 2 | 3- Steel Work In Built Up Tubular Trusses Etc Including Cutting, Hoisting | 1146.6 X 118.28/kg = 135619.85 | 1146.6 X 105/kg = 120393 | 15227 |
| 3 | E5 - Fixing On Roof Pressed Clay Tile Of 20mm Nominal Thickness | 58.02 X 113.06 = 6559.74 | 58.02 X 100.5/m2 =5831 | 729 |
| | | | ആകെ | 16683/- |

ഒരേ കാലയളവിൽ ഒരേ കരാറുകാരനുമായി എഗ്രിമെന്റിലേർപ്പെട്ട് നിർവ്വഹിച്ച മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കാമായിരുന്നു.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ (പി) 13/2012/PWD/1.02.2012 സെക്ഷൻ 1601.1.1 പ്രകാരം ഒരു പ്രവൃത്തിയ്ക്കായി പ്രിലിമിനറി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മരാമത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ വശങ്ങളും ഉൾപ്പെടുത്തിയ Preliminary Project Report, Specifications, Site Conditions, Site Plan And Layout Drawings, AE's Certificate (That The Preliminary Estimate Has Been Prepared By Me After The Inspection And Provisions Included Are Essentially Required And Adequate For The Proper Completion Of Work.), Land Availability Certificate എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ച് വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. മതിയായ സ്ഥല പരിശോധനയോ പഠനങ്ങളോ ഇല്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്യുന്നത് മൂലം എസ്റ്റിമേറ്റ് ഭേദഗതി വരുത്തുന്നതിനും പ്രവൃത്തി നീണ്ടു പോകുന്നതിനും ഇടയാക്കുന്നു. ഒരേ കാലയളവിൽ ഒരേ കരാറുകാരനുമായി എഗ്രിമെന്റിലേർപ്പെട്ട് നിർവ്വഹിച്ച മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കാതിരുന്നതുമൂലം പ്രവൃത്തി നിർവ്വഹണത്തിൽ വന്ന അധികച്ചെലവ് 16683/-രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം- 16/16.03.23) നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച വിശദീകരണം താഴെ ചേർക്കുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രവൃത്തികളടക്കം 336 പ്രവൃത്തികൾ അസി.എഞ്ചിനീയർക്ക് നിർവ്വഹണം നടത്തേണ്ടിയിരുന്നു. പ്രസ്തുത കാലയളവിൽ പഞ്ചായത്തിൽ സ്ഥിരമായി അസി.എഞ്ചിനീയർ ഇല്ലാത്തതിനാലും, പ്രവൃത്തികളുടെ ബാഹുല്യം നിമിത്തവും പ്രിലിമിനറി എസ്റ്റിമേറ്റ്, പ്രൊജക്റ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കിയതിൽ ചില പോരായ്മകൾ സംഭവിച്ചിട്ടുണ്ട്.

ഭാവിയിൽ ആസ്തി മെയ്ന്റനൻസ് പ്ലാനിലെ മുൻഗണനാടിസ്ഥാനത്തിൽ ഘടകസ്ഥാപനങ്ങളുടെ അറ്റകുറ്റപണി നടത്തുന്നതിനും, പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായി സമഗ്രമായി തയ്യാറാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 6.03.2023 മുതൽ 15.03.2023വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, മണ്ണാർക്കാട് | 2021-22 | 500000 | 28/22- ലൈഫ് ഭവനം-എസ്.സി | 500000 | 0 |
| | 2021-22 | 118000 | 248/22- ലൈഫ് ഭവനം-എസ്.ടി | 118000 | 0 |
| | 2021-22 | 500000 | 43/22-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| | 2021-22 | 139880 | 36/22- കാലിത്തീറ്റ സബ്സിഡി | 139880 | 0 |
| | 2021-22 | 150000 | 35/22-മിൽക്ക് ഇൻസെന്റീവ് | 150000 | 0 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2021-22 | 1000000 | 28/22- ലൈഫ് ഭവനം-എസ്.സി | 1000000 | 0 |
| | 2021-22 | 500000 | 43/22-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| | 2021-22 | 100000 | 35/22-മിൽക്ക് ഇൻസെന്റീവ് | 100000 | 0 |
| | - | 70000 | ശാരീരിക മാനസിക | 0 | 70000 |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചട യ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ച ടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലോൺ - ലൈഫ് പദ്ധതി | | 23420000(മുൻവർഷം വരെ ലഭ്യമായത്) 360000(തൻവർഷം) | 20076000 | 2464000 | - | 17972000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3006/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-10 | 1206 | പി.എൻ.വൈ സഭ , ആര്യമ്പാവ് | 121020102109/22.09.21 |
| (2020-21 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം -5/20.12.21 പ്രകാരം അടവാക്കിയത് | | 150 | മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി | 121020105655/27.12.21 |
| 1999-00 | 13 | 1650 | ശ്രീമതി ഹേമലത, ഐ.സി.ഡി.എസ് | 121020108424/22.03.22 |

| | | | | |
|---|---|---|---|---|
| | | | സൂപ്പർവൈസർ (റിട്ട.) | |
| | ആകെ | 3006/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-2 | 2011-12 | 2-4 | പൊതു അവലോകനം-ഗുണഭോക്തൃ ലിസ്റ്റിൽ പെടാത്തവർക്ക് ആനുകൂല്യം നൽകി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല |
| 2009-10 | 3-1 | 2011-12 | 2-6 | പദ്ധതി ഫണ്ടിന്റെ സമയബന്ധിത വിനിയോഗം ഉറപ്പാക്കുകയോ, വിനിയോഗിക്കാത്ത തുക തിരിച്ചടക്കുകയോ ചെയ്യുന്നില്ല. | ---ടി---- |
| പ്രവർത്തന ക്ഷമതാ ഓഡിറ്റ് | - | 2011-12 | 3-3-7 | ശിശു ക്ഷേമ പദ്ധതികളും, അങ്കണവാടികളും - കെട്ടിടങ്ങളുടെ സുരക്ഷിതത്വം- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | ടി |
| പ്രവർത്തന ക്ഷമതാ ഓഡിറ്റ് | - | 2011-12 | 3-3-13 | ശിശു ക്ഷേമ പദ്ധതികളും, അങ്കണവാടികളും- ഭക്ഷ്യവസ്തുക്കളുടെ വാങ്ങൽ | ടി |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 37994554 |
| ഓഡിറ്റ് വർഷത്തെ വരവ് | 115793029 |
| ആകെ | 153787583 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 104044515 |
| നീക്കിയിരിപ്പ് | 49743068 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16683/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 16683 | ശ്രീമതി ആതിര ആർ. കുമാർ, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ആതിര ആർ.കുമാർ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ അലനല്ലൂർ ഗ്രാമപഞ്ചായത്ത് | വൈശാഖം, പെരുന്തുരുത്ത്(വെസ്റ്റ്), കലവൂർ, ആലപ്പുഴ- 688522 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി.5/-440/98 തിയതി 14-11-98 | 11 |

| | | |
|---|---|---|
| 1997-98 | ടി | 24 |
| 1998-99 | എൽ.എഫ്.പി.5/9/98<br>തിയതി 14-11-98 | 9 |
| 1999-00 | എൽ.എഫ്.പി.11/1096/03<br>തിയതി 01-09-2004 | 11 |
| 2000-01 | എൽ.എഫ്.പി.11/543/05<br>തിയതി 14-02-2007 | 12 |
| 2001-02 | എൽ.എഫ്.പി.11/350/2006<br>തിയതി 30-01-2007 | 4 |
| 2002-03 | എൽ.എഫ്.പി.11/713/2008<br>തിയതി 02-06-2009 | 5 |
| 2003-04 | എൽ.എഫ്.പി.11/714/2008<br>തിയതി 02-06-09 | 9 |
| 2004-05 | എൽ.എഫ്.പി.11/715/2008<br>തിയതി 02-06-2009 | 18 |
| 2005-06 | എൽ.എഫ്.പി.11/716/2008<br>തിയതി 02-06-2009 | 2 |
| 2006-07 | എൽ.എഫ്.പി.11/717/2008<br>തിയതി 02-06-2009 | 7 |
| 2007-08 | എൽ.എഫ്.പി.20/137/2012<br>തിയതി 16-01-12 | Nil |
| 2008-09 | എൽ.എഫ്.പി.20/138/2012<br>തിയതി 16-01-12 | 1 |
| 2009-10 | എൽ.എഫ്.പി.20/1420/2013<br>തിയതി 08-04-14 | 4 |
| 2010-11 | എൽ.എഫ്.പി.20/1421/2013<br>തിയതി 08-04-14 | 6 |
| 2011-12 | എൽ.എഫ്.പി.20/1756(എ)/2014<br>തിയതി 17.09-14 | 1 |
| 2012-13 | എൽ.എഫ്.പി.20/360/2015<br>തിയതി14-05-15 | 5 |
| 2013-14,<br>2014-15 | നം.കെ.എസ്.എ. പി.കെ.ഡി9/<br>956 /2016/13.07.2016 | 1 |
| 2015-16 | നം.കെ.എസ്.എ.<br>പി.കെ.ഡി.9-2142/16/2-2-2017 | 2 |
| 2016-17 | നം.കെ.എസ്.എ<br>പി.കെ.ഡി9-1644/2017/2.11.2017 | 2 |
| 2017-18 | നം.കെ.എസ്.എ-പി.കെ.ഡി9/537<br>/2019/20.06.2019 | 9 |
| 2018-19 | നം.കെ.എസ്.എ-<br>പി.കെ.ഡി9/1386/2020/8.1.2021 | 8 |

| | | |
|---|---|---|
| 2019-20 | നം.കെ.എസ്.എ.പി.കെ.ഡി9/878 /2022/26.10.22 | 17 |
| 2020-21 | നം.കെ.എസ്.എ.പി.കെ.ഡി9/1846 /2021/26.10.22 | 23 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3

## വാർഷിക ധനകാര്യ പത്രിക

| Kottoppadam Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7345024.00 |
| 140000000 | Fee & User Charges | I-4(b) | 1235049.00 |
| 150000000 | Sale & Hire Charges | I-5(b) | 319911.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 200277120.00 |
| 171000000 | Interest Earned | I-8 | 812684.00 |
| 180000000 | Other Income | I-9 | 170406.00 |
| | Total Income | | 210160194.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10868088.00 |
| 220000000 | Administrative Expenses | I-11(b) | 1077018.00 |
| 230000000 | Operations & Maintenance | I-12(b) | 2135598.00 |
| 240000000 | Interest & Finance Charges | I-13 | 1404.00 |
| 250000000 | Decentralised Plan Programme-Productive | I-14 | 5310534.00 |

| | | | |
|---|---|---|---|
| | Sector / Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 70031488.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3892236.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 5159050.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 88181700.00 |
| 255000000 | Maintenance Projects | I-14(e) | 11061869.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1334133.00 |
| 272000000 | Depreciation | I-17(a) | 12291983.00 |
| | Total Expenditure | | 211345101.00 |
| | Gross Surplus/ Deficit of income over Expenditure | | -1184907.00 |
| 280000000 | Prior Period Item | I-18 | -48628.00 |

| | | | |
|---|---|---|---|
| | Gross Surplus/Deficit of Income over Expenditure after prior period items. | | -1136279.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Kottoppadam Grama Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 37994554.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1424130.00 |
| 140000000 | Fees & User Charges | RP-4 | 807519.00 |
| 150000000 | Sale & Hire Charges | RP-5 | 314365.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 76125490.00 |
| 171000000 | Interest Earned | RP-9 | 813018.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 28384244.00 |
| 350000000 | Other Liabilities | RP-36 | 98558.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 3006.00 |

| | | | |
|---|---|---|---|
| 330000000 | Secured Loans | RP-32 | 360000.00 |
| 340000000 | Deposits Received | RP-34 | 31663.00 |
| 350000000 | Other Liabilities | RP-36 | 346833.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6359768.00 |
| 460000000 | Loans, Advances and Deposits | RP-47 | 724435.00 |
| | Grand total | | 153787583.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3602731.00 |
| 220000000 | Administrative Expenses | RP-12 | 1077018.00 |
| 230000000 | Operations & Maintenance | RP-13 | 2135598.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 5310534.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 40488674.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3795876.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 5159050.00 |
| 254000000 | Expenditures of Transferred | RP-19 | 270000.00 |

| | | | |
|---|---|---|---|
| | institutions and State Sponsored | | |

| Kottoppadam Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 20020297.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 969.00 |
| 312000000 | Reserves | B-3 | 104376025.00 |
| | Total Reserve & Surplus | | 124397291.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14224286.00 |
| | Total Grants, Contributions for Specific Purposes | | 14224286.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 17972000.00 |
| | Total Loans | | 17972000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 261224.00 |
| 341000000 | Deposits Works | B-8 | 0.0 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 1221174.00 |
| | Total Current Liabilities and Provisions | | 1482398.00 |
| | TOTAL LIABILITIES | | 158075975.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 135986411.00 |
| 411000000 | Accumulated Depreciation | B-11 | -49167004.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 86819407.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2141940.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 17972000.00 |
| 450000000 | Cash and Bank Balance | B-17 | 49743068.00 |

Deputy Director